ആന്റ് ജിയോളജി, പോലീസ് എന്നീ അധികാരികൾ പലതവണ നിർത്തി വയ്പ്പിച്ചു. ചിറയിൻകീഴ് ഭാഗത്ത് കനാൽ ഭൂമി അനധികൃതമായി കയ്യേറിയത് ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. വർക്കല ഭാഗത്ത് 450 കുടുംബങ്ങൾ കനാലിന്റെ പുറമ്പോക്കിൽ താമസിക്കുന്നു. ഇവരെ മാറ്റി പാർപ്പിച്ച് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചാൽ മാത്രമേ ഈ ഭാഗങ്ങളിലെ പണികൾ വീണ്ടും തുടങ്ങുവാൻ കഴിയൂ.

(ബി) ഈ പണികൾ ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. ഫണ്ടിന്റെ ലഭ്യത അനുസരിച്ചും വർക്കല ഭാഗത്തെ കനാൽ പുറമ്പോക്കിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുകയും ചെയ്തതിനു ശേഷം മാത്രമേ ഈ പണികൾ വീണ്ടും ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ.

(സി) 12-ാം ധനകാര്യ കമ്മീഷന്റെ അവാർഡ് തുക വകയിരുത്തിയിരുന്നു. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പണികൾ 12-ാം ധനകാര്യ കമ്മീഷന്റെ കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്തതിനാൽ നടപ്പിലാക്കുവാൻ സാധിച്ചില്ല.

(ഡി) പുറമ്പോക്ക് കയ്യേറിയത് ഒഴിപ്പിക്കുകയും പുതുതായി ഫണ്ട് ലഭിക്കുകയും ചെയ്താൽ മാത്രമേ നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

കനോലി കനാൽ വികസനത്തിന് പദ്ധതി

68 (124) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉൾനാടൻ ജലഗതാഗത വകുപ്പ് കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) കോഴിക്കോട് നഗരത്തിൽ കനോലി കനാൽ വികസനത്തിന് എന്തെങ്കിലും പദ്ധതി ഇതുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉൾനാടൻ ജലഗതാഗത വകുപ്പ് വഴി കോഴിക്കോട് ജില്ലയിൽ വടക്കുംപാട് നദിയുടെ ആഴം കൂട്ടൽ, ബേപ്പൂർ-കല്ലായി കനാൽ നവീകരണം എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയുണ്ടായി.

(ബി) കോഴിക്കോട് നഗരത്തിലെ കനോലി കനാലിലെ രണ്ട് പാലങ്ങൾ ജലഗതാഗതത്തിന് തടസ്സമായി നിൽക്കുന്നു. ഇവയുടെ പുനർ നിർമ്മാണം ഉൾപ്പടെയുള്ള കനോലി കനാലിന്റെ വികസന പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം ഏറ്റെടുക്കുവാൻ കഴിയുന്നില്ല. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയ ശേഷമേ കോഴിക്കോട് നഗരത്തിലെ കനോലി കനാലിന്റെ വികസനം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly